കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പൽ കോമൺ സർവ്വീസ് - കുന്നംകുളം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായ ശ്രീമതി. സിന്ധു പി.എ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2042/2017-ൽ 26.10.2017 തീയതിയിലുണ്ടായ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.285/ 2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 31.01.2018.

---

പരാമർശം : 1. കുന്നംകുളം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായ ശ്രീമതി. സിന്ധു പി.എ സർക്കാരിൽ സമർപ്പിച്ച 07.10.2017 തീയതിയിലെ നിവേദനം. (Annexure A9).

2. ശ്രീമതി. സിന്ധു പി.എ ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.2042/2017- നമ്പർ കേസിൽ 26.10.2017 തീയതിയിലുണ്ടായ വിധിന്യായം.

## ഉത്തരവ്

കുന്നംകുളം നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടറായ ശ്രീമതി. സിന്ധു പി.എ പരാമർശം 1 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ റവന്യൂ ഇൻസ്പെക്ടറായി കുന്നംകുളം നഗരസഭയിൽ ജോലിചെയ്തു വരവേ സ്ഥലംമാറ്റം ആവശ്യപ്പെട്ട് നൽകിയ അപേക്ഷ പരിഗണിച്ച് ഏറ്റുമാനൂർ നഗരസഭയിലേയ്ക്ക് കരട് സ്ഥലംമാറ്റ പട്ടികയും കൂലിസ്റ്റും പ്രസിദ്ധീകരിച്ച ശേഷം നഗരകാര്യ ഡയറക്ടർ അന്തിമസ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തിയില്ലായെന്നും, അതിനാൽ ഒഴിവു വരുന്ന കോട്ടയം, ഏറ്റുമാനൂർ, കൊച്ചി നഗരസഭകളിൽ ഏതെങ്കിലും ഒന്നിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി. കൂടാതെ ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ശ്രീമതി. സിന്ധു പി.എ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ. നമ്പർ. 2042/2017 നമ്പർ കേസിൽ പരാമർശം 2 പ്രകാരമുള്ള വിധിയിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ ശ്രീമതി. സിന്ധു പി. എ. യുടെ അനക്ഷർ A9 അപേക്ഷ പരിശോധിച്ച് അപേക്ഷകയെ നേരിൽ കേട്ട് രണ്ട് മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം 16.12.2017-ന് തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി അപേക്ഷകയെ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട സമയത്തും ടിയാളുടെ അപേക്ഷയിലെ ആവശ്യങ്ങൾ തന്നെ ആവർത്തിക്കുകയുണ്ടായി.

3. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, കൊച്ചി നഗരസഭയിൽ ഹെഡ്ക്ലാർക്കായി ജോലി നോക്കിവരവേ സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതിനാൽ, റവന്യൂ ഇൻസ്പെക്ടറായി 11.04.2017-ൽ നിലവിൽ ഒഴിവുണ്ടായിരുന്ന കുന്നംകുളം നഗരസഭയിൽ നിയമിച്ചു. 2017-18 കാലയളവിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 23.02.2017 വരെയായിരുന്നു. എന്നാൽ ടി തീയതിക്കുശേഷം സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെക്കൂടി പരിഗണിക്കുന്നതിനായി പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി 22.05.2017 വരെ നീട്ടി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ വിവിധ തസ്തികകളിലെ കൂലിസ്റ്റും കരട് സ്ഥലംമാറ്റ ഉത്തരവും പുറപ്പെടുവിച്ചു. ടി കരട് ഉത്തരവിൽ ശ്രീമതി. പി.എ. സിന്ധുവിനെ ഏറ്റുമാനൂർ നഗരസഭയിൽ നിർദ്ദേശിച്ചിരുന്നു. 25.02.2017-ലെ സ.ഉ. (പി) നം. 3/2017/ഉഭപവ. ഉത്തരവ് നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണിച്ച് 28.02.2017 നു ശേഷം ലഭിച്ച അപേക്ഷകരെ ഒഴിവാക്കി 06.10.2017-ൽ ഉത്തരവ് പുറപ്പെടുവിച്ചതായും ആയതിനാലാണ് ശ്രീമതി. പി.എ. സിന്ധുവിനെ കരട് ഉത്തരവിൽ ഉൾപ്പെട്ട സ്ഥലംമാറ്റം അനുവദിക്കാനാകാതെ പോയതെന്നും നഗരകാര്യ ഡയറക്ടർ അറിയിച്ചു. അതുപോലെ സർക്കാർ നിർദ്ദേശം വന്നതോടെ കരട് സ്ഥലംമാറ്റ സാധ്യതാ പട്ടികയ്ക്കും കൂലിസ്റ്റിനും സാധുത നഷ്ടപ്പെട്ടു. പൊതുസ്ഥലംമാറ്റമല്ല മറിച്ച് സ്ഥാനക്കയറ്റത്തോടുകൂടിയ സ്ഥലംമാറ്റമാണ് ഇവിടെ വിഷയമായിരിക്കുന്നത്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 25.02.2017 ലെ ഉത്തരവു പ്രകാരം ഫെബ്രുവരി 28-നു മുമ്പ് ലഭിച്ച സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിച്ചപ്പോൾ ഫെബ്രുവരി 28-നു ശേഷം സ്ഥാനക്കയറ്റത്തോടൊപ്പം സ്ഥലംമാറ്റം ലഭിച്ചവരെ പരിഗണിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് സാധിക്കാതെ വന്നു. ടി പശ്ചാത്തലമാണ് ഈ കേസിന് ആധാരം.

5. ബഹു. ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം പരാതികക്ഷിയേയും നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും നേരിൽക്കേട്ടതിന്റെയും ബഹു. ട്രിബ്യൂണലിന്റെ നിരീക്ഷണത്തിനു വിധേയമായ അനക്സർ എ 9 വിശദമായി പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ 28.02.2018 നു മുമ്പായി അപേക്ഷക ആവശ്യപ്പെട്ടിരിക്കുന്ന കോട്ടയം, ഏറ്റുമാനൂർ, കൊച്ചി നഗരസഭകളിൽ ഏതിലെങ്കിലും ഒഴിവുണ്ടാകുകയാണെങ്കിൽ, ഒന്നിലധികം ജീവനക്കാർ ഒരേ നഗരസഭ തന്നെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ 25.02.2017 ലെ ഉത്തരവിലെ പ്രത്യേക മുൻഗണന പരിശോധിച്ച് അർഹതയുള്ള ജീവനക്കാരെ മാത്രം ടി സ്ഥാനത്തേയ്ക്ക് സ്ഥലംമാറ്റുക എന്ന നിർദ്ദേശം നഗരകാര്യ ഡയറക്ടർക്ക്

നൽകിക്കൊണ്ട് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 2-ലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സന്തോഷ്,**

**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

ഡയറക്ടർ, കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ശ്രീമതി. സിന്ധു. പി.എ. , റവന്യൂ ഇൻസ്പെക്ടർ, കുന്നംകുളം നഗരസഭ.

എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേ.രള മിഷൻ, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**